ശാസ്ത്രീയസോഷ്യലിസഗ്രന്ഥമാല

# എട്ടുകാലിയും ഈച്ചയും

11591

PC Library & Research Center



വിൽഹെം ലീബ്ക്നെക്റ്റ്

PC Library & Research Center

സർവ്വരാജ്യതൊഴിലാളികളേ ഏകോപിക്കുവിൻ!

# വിൽഹെം ലീബ്ക്നെക്ട്

# എട്ടുകാലിയും ഈച്ചയും

പ്രോഗ്രെസ്സ് പബ്ലിഷേഴ്സ്
മോസ്കോ

Вильгельм Либкнехт

ПАУКИ И МУХИ

335

© മലയാളപരിഭാഷ. പ്രോഗ്രെസ്സ് പബ്ലിഷേഴ്സ് 1974.

# പ്രസാധകക്കുറിപ്പ്

വിൽഹെം ലീബ്ക്നെക്ട് (1826–1900) ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടിയുടെ സ്ഥാപകാംഗമായ ഒരു തൊഴിലാളിവർഗ്ഗനേതാവായിരുന്നു. തൊഴിലാളിവർഗ്ഗതാല്പര്യത്തിൻേറയും സോഷ്യലിസത്തിൻേറയും വിജയത്തിനു വേണ്ടിയുള്ള നിസ്വാർത്ഥമായ വിപ്ലവസമരത്തിൻെറ ഒരു ഉജ്ജ്വലമാതൃകയായിരുന്നു അദ്ദേഹത്തിൻെറ ജീവിതം.

''ലീബ്ക്നെക്ടിൻെറ നാമധേയം ജർമ്മൻ തൊഴിലാളിപ്രസ്ഥാനത്തിൻെറ ചരിത്രവുമായി അഭേദ്യമാംവണ്ണം ബന്ധപ്പെട്ടു കിടക്കുന്നു,'' ലെനിൻ എഴുതി.

പത്തൊമ്പതാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ജർമ്മൻ സോഷ്യൽഡെമോക്രാററിക് പാർട്ടിക്കു നേതൃത്വം നൽകിയ ലീബ്ക്നെക്ട് കാറൽ മാർക്സിൻേറയും ഫ്രെഡറിക് എംഗൽസിൻേറയും ഉററസുഹൃത്തും സഹപ്രവർത്തകനുമായിരുന്നു. മികച്ച തൊഴിലാളിവർഗ്ഗസംഘാടകനും ഉജ്ജ്വലവാഗ്മിയും സോഷ്യലിസ്റ്റ് ചിന്താഗതികളുടെ പ്രഗത്ഭനായ പ്രചാരകനുമായിരുന്ന അദ്ദേഹം ജർമ്മനിക്കകത്തും പുറത്തുമുള്ള പുരോഗമനോന്മുഖരായ തൊഴിലാളികളുടെ സ്നേഹവിശ്വാസങ്ങരം ആർജ്ജിച്ചിരുന്നു.

''എട്ടുകാലിയും ഈച്ചയും'' യൂറോപ്പൊട്ടുക്കു വമ്പിച്ച പ്രചാരം സിദ്ധിച്ച ഒരു ലഘുലേഖയാണ്. അനേകം തൊഴിലാളികളുടെ രാഷ്ട്രീയബോധം വളർത്താൻ അതു വളരെ

യേറെ ഉപകരിച്ചു. ചൂഷണം ചെയ്യുന്ന എട്ടുകാലിയും ചൂഷണം ചെയ്യപ്പെടുന്ന ഈച്ചയും തമ്മിലുള്ള വൈരങ്ങളെ വ്യക്തവും ലളിതവുമായ ഭാഷയിൽ ലീബ്ക്നെക്ക് വെളിപ്പെടുത്തുന്നു. ഒററക്കെട്ടായി നിന്ന് മർദ്ദനത്തിൻെറ ചങ്ങലകൾ പൊട്ടിക്കാൻ പ്രവർത്തിക്കുകയാണ് ഒരേയൊരു പോംവഴിയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

# എട്ടുകാലിയും ഈച്ചയും

(''സൊത്സിയാൽഡെമോക്രാററ്'' എന്ന പത്രത്തിൽനിന്നു്)

രോമംനിറഞ്ഞു് ഒട്ടുന്ന ദേഹവും കുടവയറുമായി, പകൽ വെളിച്ചത്തിൽനിന്നു കഴിയുന്നത്ര അകന്നു് ഇരുണ്ട കോണുകളിൽ പതിയിരിക്കുന്ന ആ പ്രാണിയെ നിങ്ങൾക്കെല്ലാം അറിയാം. അവിടിരുന്നുകൊണ്ടു് അതു് അതിൻെറ മാരകമായ വല നെയ്യുകയാണു്. പാവപ്പെട്ട ഈച്ച ശ്രദ്ധക്കുറവുകൊണ്ടോ ആലോചനക്കുറവുകൊണ്ടോ അതിൽ ചെന്നു ചാടുന്നു, കൊല്ലപ്പെടുന്നു. ഉരുണ്ടുതിളങ്ങുന്ന കണ്ണുകളോടും ഇരയെ ഞെക്കിക്കൊല്ലാൻ പററിയ തരത്തിലുള്ള നേർത്തുവളഞ്ഞ മുൻകാലുകളോടും കൂടിയ ആ വികൃതരൂപിയാണു് എട്ടുകാലി.

ഇര തൻെറ പിടിയിൽ വീഴുന്നതും കാത്തു് നിർവികാരമായി, നിശ്ചലമായി, അതു് മൂലയിൽ പതുങ്ങിയിരിക്കുകയാണു്. അല്ലെങ്കിൽ, ദുർബ്ബലയായ ഈച്ചയെ നിർദ്ദയം കുരുക്കാനായി അതു വൈരാഗ്യപൂർവ്വം വല നെയ്യുകയാണു്. ഇര ഒരുവിധത്തിലും രക്ഷപ്പെടാതിരിക്കാൻവേണ്ടി തൻെറ വലയിലെ ഒരിഴപോലും പിശകാതിരിക്കാൻ ആ നികൃഷ്ടജീവി പ്രത്യേകം നിഷ്കർഷിക്കുന്നു; പലപ്പോഴും നിസ്സീമമായ ക്ലേശങ്ങൾ സഹിക്കുന്നു. ആദ്യം ഒരിഴ, പിന്നീടു് രണ്ടാമതൊന്നു്, മൂന്നാമതൊന്നു്, അങ്ങിനെയങ്ങിനെ അതു നെ

സ്സുപോകുന്നു. ഇരകളുടെ മരണവെപ്രാളത്തിൽ വല മുറിയു ന്നതു പോയിട്ട് അതിന് ഒരു ഇളക്കംപോലും തട്ടാത്തവ ണ്ണം ഭദ്രമായിട്ടാണ് എട്ടുകാലി നെടുകെയും കുറുകെയും ഇഴ നെയ്യുന്നതു്.

അവസാനം വല തയ്യാറായി. കെണി വച്ചുകഴിഞ്ഞു. ഇനി രക്ഷയില്ല. സാധുവായ ഈച്ച വിശപ്പു സഹിക്കവയ്യാ തെ ആഹാരം തേടി വരുന്നതും കാത്തു് എട്ടുകാലി അതിൻെറ ഇരിപ്പിടത്തിൽ പോയി പതുങ്ങിയിരിക്കുന്നു.

ഈച്ച വരാൻ അധികം കാത്തിരിക്കേണ്ട. ആഹാരം തേടി അങ്ങുമിങ്ങും നോക്കി പറക്കുന്നതിനിടയിൽ ആ പാ വം നേരെ വന്നു്, വലിച്ചുകെട്ടിയ വലയിൽ ചാടുന്നു. അതു വല്ലാതെ ഭയന്നുവശാകുന്നു. കുരുക്കു മുറുകുമ്പോരം അതു അള്ളി പ്പിടിക്കാൻ ശ്രമിക്കുന്നു. അതോടെ കഥയും തീർന്നു.

ഇര വീണുകഴിഞ്ഞെന്നു കാണുന്നയുടൻ എട്ടുകാലി ത ൻെറ രഹസ്യസങ്കേതത്തിൽനിന്നു പുറത്തു വന്നു്, ആർത്തി പൂണ്ട കണ്ണുകളോടും നീട്ടിപ്പിടിച്ച കൊമ്പുകളോടുംകൂടി മെ ല്ലെ ഇരയോടടുക്കുന്നു. ബദ്ധപ്പെടേണ്ട കാര്യമില്ല. വലയിൽ വീണുകഴിഞ്ഞാൽ ഭാഗ്യംകെട്ട പ്രാണിക്കു രക്ഷയില്ലെന്നു് ആ ഹീനജന്തുവിനു ഭംഗിയായിട്ടറിയാം. അതു് അടുത്തടുത്തു വരുന്നു. അതിൻെറ ഉന്തിനിൽക്കുന്ന മങ്ങിയ കണ്ണുകരം ഇര യെ അളന്നുനോക്കുന്നു. തന്നെ ഗ്രസിക്കാൻ വരുന്ന വിപത്തു് മുന്നിൽ കാണുമ്പോരം ഈച്ച ഭയന്നു വിറയ്ക്കുന്നു. ഒട്ടുന്ന നൂലു കളിൽനിന്നു കുതറിച്ചാടാൻ കിണഞ്ഞു ശ്രമിക്കുന്നു. പക്ഷേ ആ സാഹസശ്രമങ്ങരം അതിനെ കൂടുതൽ തളർത്തുകമാത്രമാ ണു ചെയ്യുന്നതു്.

അതിൻെറ ശ്രമങ്ങരം വ്യർത്ഥമാണു്, പരാക്രമങ്ങരം നി ഷ്ഫലമാണു്. അതു കൂടുതൽകൂടുതൽ വലയിൽ കുരുങ്ങുന്നു. എട്ടുകാലി അടുത്തടുത്തു വരുന്നു. വലയിൽനിന്നു പുറത്തു ചാ ടാൻ ശ്രമിക്കുന്തോറും കൂടുതൽകൂടുതൽ അതിനകത്തു കുരുങ്ങുന്ന തായി ഈച്ചയ്ക്കു് അനുഭവപ്പെടുന്നു. വലയുടെ ലോലമെങ്കിലും ഫലപ്രദമായ തന്ത്രികരം അതിനെ കുടുക്കിക്കഴിഞ്ഞു. അവ

സാനം, ചെറുക്കാനുള്ള എല്ലാ ശേഷിയും അസ്തമിച്ച് അതു് കിതച്ച്, തളർന്നു്, ജേതാവിൻെറ മുമ്പിൽ, ഭയങ്കരനായ എട്ടുകാലിയുടെ മുമ്പിൽ, അടിയറവു പറയുന്നു.

അപ്പോഴാണ് ആ നികൃഷ്ടജന്തു അതിൻെറ രോമാവൃതമായ കൊമ്പുകൾ നീട്ടി ഈച്ചയെ മാരകമായ പിടിയിൽ ഞെരിച്ചമർത്തുന്നതു്. എന്നിട്ട് തളർന്നുകിടക്കുന്ന ഇരയുടെ വിറയാർന്ന ശരീരത്തിൽ കടി തുടങ്ങുകയായി. എത്ര തവണ കടിക്കുന്നുവെന്നതു് അതിൻെറ ആർത്തിയേയും വിശപ്പിനേയും ആശ്രയിച്ചിരിക്കും. രക്തദാഹം തൽക്കാലത്തേക്കൊന്നു ശമിക്കുമ്പോൾ അതു് ഇരയെ അർദ്ധപ്രാണയായി ഇട്ടിട്ട് പോകുന്നു. പിന്നീട് കുറച്ചുകഴിഞ്ഞുവന്ന് ഒരിക്കൽക്കൂടി രക്തം ഊററിക്കുടിക്കുന്നു. ഇങ്ങനെ പല തവണ വന്നും പോയും അതു് ആ നിർഭാഗ്യയായ ഈച്ചയുടെ ദേഹത്തുനിന്നു് എല്ലാ രക്തവും പോഷകനീരും വലിച്ചുകുടിക്കുന്നു. എത്രയോ കഴിഞ്ഞാണ്—പലപ്പോഴും വളരെയേറെ സമയം കഴിഞ്ഞാണ്—ആ സാധുപ്രാണിയുടെ ജീവൻ പാടേ വിട്ടുപോകുന്നതു്.

ഇരയുടെ ശരീരത്തിൽ ജീവൻെറ നേരിയൊരു തുടിപ്പുപോലും ശേഷിക്കുന്നുണ്ടെങ്കിൽ ആ രക്തദാഹിയായ വേതാളം പിന്മാറുകയില്ല. അതു് ഇരയുടെ ജീവൻ വലിച്ചെടുക്കുന്നു, ശക്തി പിഴിഞ്ഞെടുക്കുന്നു, ചോര ഊററിക്കുടിക്കുന്നു. എടുക്കാനായിട്ടൊന്നും— യാതൊന്നുംതന്നെ— അവശേഷിക്കാതാവുമ്പോൾ മാത്രമാണ് അതു വിട്ടുകളയുന്നതു്.

മുഴുവനും ഊററിയെടുത്തുകഴിഞ്ഞു് ഒരു തൂവലോളംപോലും കനമില്ലാതായിത്തീർന്ന പാവപ്പെട്ട ഈച്ചയുടെ മൃതദേഹം വലയുടെ വെളിയിലേക്കെറിയപ്പെടുന്നു. ആദ്യത്തെ കാററത്തുതന്നെ അതു പറന്നുപോകുന്നു. അതിനെ സംബന്ധിച്ചിടത്തോളം എല്ലാം കഴിഞ്ഞു.

എന്നാൽ എട്ടുകാലി അതിൻെറ സങ്കേതത്തിലേക്കു മടങ്ങുന്നു. അതു സന്തുഷ്ടവും സംതൃപ്തവുമാണ്. അതിനു ലോകത്തോടും തന്നോടുതന്നെയും സംപ്രീതി തോന്നുന്നു. മാന്യ

ന്മാർക്ക് ഈ ലോകത്ത് ഇപ്പോഴും കഴിഞ്ഞുകൂടാൻ പററുന്നുണ്ടല്ലോ എന്നോർത്ത് അതു സന്തോഷിക്കുന്നു.

പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലുമുള്ള അല്ലയോ തൊഴിലാളികളേ, ഇങ്ങനെ ചോരയും നീരും ഊററിക്കുടിക്കപ്പെട്ട് കൊല്ലപ്പെടുന്ന ഈച്ചകളാണു നിങ്ങൾ. മററുള്ളവർ വയർ നിറച്ച് സുഖിക്കുന്നത് നിങ്ങളുടെ ചോര കുടിച്ചാണ്. മർദ്ദിതജനതകളായ നിങ്ങളാണ്, ബുദ്ധിജീവികളാണ്, വ്യവസായത്തൊഴിലാളികളാണ്, കമ്പിതഗാത്രരായ കന്യകമാരാണ്, സ്വന്തം അവകാശങ്ങൾക്കുവേണ്ടി തലയുയർത്തി നിൽക്കാൻ ധൈര്യപ്പെടാത്ത അബലകളും പീഡിതരുമായ സ്ത്രീജനങ്ങളാണ്, യുദ്ധമേധാവികൾക്കിരയായിത്തീർന്നിട്ടുള്ള ഹതഭാഗ്യരാണ്, ഒററ വാക്കിൽ പറഞ്ഞാൽ. ദരിദ്രരും ചൂഷിതരുമായ നിങ്ങളെല്ലാവരുമാണ്, രക്തധമനികളിൽനിന്നു വലിച്ചെടുക്കാനൊന്നുമില്ലാതാവുമ്പോൾ തെരുവിലേക്കെറിയപ്പെടുന്ന നിങ്ങളാണ്, മുഴുവൻ സമ്പത്തും ഉല്പാദിപ്പിക്കുന്ന നിങ്ങളാണ്, രാഷ്ട്രത്തിൻെറ ഹൃദയവും മസ്തിഷ്കവും ജീവചൈതന്യവുമായ നിങ്ങളാണ്, അടക്കത്തോടും അനുസരണയോടുംകൂടി വല്ല മൂലയിലും പോയിക്കിടന്നു ചാകാനുള്ള അവകാശമൊഴികെ മറെറാന്നുമില്ലാത്ത നിങ്ങളാണ്, ഈച്ചകൾ. അതേ സമയം, നിങ്ങളുടെ ചോരയും വിയർപ്പും, നിങ്ങളുടെ അദ്ധ്വാനവും ചിന്തകളും നിങ്ങളുടെ ജീവൻതന്നെയും നിങ്ങളുടെ യജമാനന്മാരേയും മർദ്ദകരേയും—ആ വെറുക്കപ്പെട്ട എട്ടുകാലികളെ—കേമന്മാരാക്കാനും കരുത്തന്മാരാക്കാനും ഉപയോഗിക്കപ്പെടുന്നു.

യജമാനന്മാർ, പണച്ചാക്കുകൾ, ചൂഷകർ, ഊഹക്കച്ചവടക്കാർ, മുതലാളിമാർ, പെൺകുട്ടികളെ വഴിപിഴപ്പിക്കുന്നവർ, പുരോഹിതപ്രമാണിമാർ, എല്ലാത്തരത്തിലുമുള്ള ഇത്തിക്കണ്ണികൾ, നമ്മെ ദ്രോഹിക്കുകയും മർദ്ദനകരമായ ദുർന്നിയമങ്ങളുണ്ടാക്കുകയും നമ്മെ അടിമപ്പെടുത്തിവയ്ക്കുകയും ചെയ്യുന്ന സ്വേച്ഛാധിപതികൾ—ഇവരാണ് എട്ടുകാലികൾ.

ജനങ്ങളുടെ ചെലവിൽ ജീവിക്കുകയും നമ്മെ ചവിട്ടിമെതിക്കുകയും നമ്മുടെ കഷ്ടപ്പാടുകളേയും വിഫലശ്രമങ്ങളേയും നോക്കി പരിഹസിക്കുകയും ചെയ്യുന്ന സകലരുമാണ് എട്ടുകാലികൾ.

മററ് ഉപജീവനമാർഗ്ഗമൊന്നുമില്ലാത്തതുകൊണ്ടും തനിക്കും തൻെറ കുടുംബത്തിനും ജീവിക്കാനുള്ള വക കാണേണ്ടതുകൊണ്ടും തൊഴിലുടമയ്ക്കിഷ്ടമുള്ള ഏതു കിരാതനിയമങ്ങൾക്കും വഴങ്ങേണ്ടിവരുന്ന സാധുവായ തൊഴിലാളിയാണ് ഈച്ച. തൊഴിലാളിയൊന്നുക്ക് പ്രതിദിവസം ആറും എട്ടും മാർക്ക് സമ്പാദിക്കുകയും എന്നിട്ട് പന്ത്രണ്ടും പതിന്നാലും മണിക്കൂർ പണിയെടുപ്പിച്ചിട്ട് രണ്ടോ മൂന്നോ മാർക്ക് പട്ടിണിക്കൂലി നൽകാൻ ധൈര്യപ്പെടുകയും—അല്ല, സൗമനസ്യത്തോടെ സമ്മതിക്കുകയും—ചെയ്യുന്ന വൻകിട ഫാക്ടറിയുടമയാണ് എട്ടുകാലി.

തനിക്കനുഭവിക്കാൻ അനുവാദമില്ലാത്ത നിധികളെ ഭൂമിയിൽനിന്നു കുഴിച്ചെടുക്കാൻവേണ്ടി ഖനിയിലെ ദൂഷിച്ച വായുവിൽ ജീവൻ ബലിയർപ്പിക്കുന്ന ഖനിത്തൊഴിലാളിയാണ് ഈച്ച. ഓഹരിവില രണ്ടോ മൂന്നോ ഇരട്ടിയായാലും തൃപ്തിവരാതെ കൂടുതൽ ഡിവിഡണ്ട് മോഹിക്കുകയും തൊഴിലാളികളിൽനിന്നു് അവരുടെ പ്രയത്നഫലങ്ങൾ കവർന്നെടുക്കുകയും ചെറിയൊരു കൂലിക്കൂടുതൽപോലും ആവശ്യപ്പെടാൻ മുതിർന്നാൽ ''കലാപകാരികളെ'' വെടിയുണ്ടയുടെ രുചിയറിയിക്കാൻ പട്ടാളത്തെ വിളിച്ചുവരുത്തുകയും ചെയ്യുന്ന ഓഹരിയുടമയാണ് എട്ടുകാലി.

വീട്ടുചെലവു നടന്നുപോകാൻവേണ്ടി നന്നേ കുരുന്നുപ്രായത്തിൽത്തന്നെ ഫാക്ടറിയിലും വർക്ക്ഷോപ്പിലും വീട്ടിലും പണിയെടുക്കേണ്ടിവരുന്ന കുട്ടിയാണ് ഈച്ച. പട്ടിണികൊണ്ട് കുഞ്ഞുങ്ങളെ ബലികൊടുക്കാൻ നിർബ്ബന്ധിതരാകുന്ന പാവപ്പെട്ട മാതാപിതാക്കളല്ല, നേരേമറിച്ച് നൈസർഗ്ഗിക വികാരങ്ങളെ ഇത്തരത്തിൽ വികൃതപ്പെടുത്തുന്നതും സ്വന്തം കുടുംബത്തെ ഇങ്ങനെ നശിപ്പിക്കുന്നതും ഒരു നിർബ്ബന്ധിത

നിയമമമാക്കിത്തീർക്കുന്ന ഇന്നത്തെ ദൂഷിച്ച സാഹചര്യങ്ങളാണ് എട്ടുകാലി.

സത്യസന്ധമായ ഉപജീവനമാർഗ്ഗം തേടുകയും എന്നാൽ ഫാക്ടറിയുടമയുടേയോ ഡയറക്ടറുടേയോ മാംസദാഹത്തിനു വഴങ്ങിക്കൊടുത്തില്ലെങ്കിൽ പണി കിട്ടാതെവരികയും ചെയ്യുന്ന അന്തസ്സുററ ജനപുത്രിയാണ് ഈച്ച. ഫാക്ടറിയുടമയാകട്ടെ, അവളെ അപമാനിക്കുന്നു, പിന്നീട് —പലപ്പോഴും ഗർഭിണിയാക്കിയശേഷം—''ദുഷ്പേരു്'' വരാതിരിക്കാൻ അവളെ ഹൃദയശൂന്യമായും യാതൊരു ക്രൂസലുമില്ലാതെയും വഴിയാധാരമാക്കുന്നു. നിഷ്കളങ്കരായ കന്യകമാരെ വഴിപിഴപ്പിക്കുകയും അധഃപതിപ്പിക്കുകയും കഴിയുന്നത്ര കൂടുതൽ സ്ത്രീകളുടെ മാനംകെടുത്തുന്നതു് അഭിമാനമായി കരുതുകയും ചെയ്യുന്ന അഴകിയരാവണനാണ്, പണിയൊന്നുമെടുക്കാതെ അലസനായി അലഞ്ഞുനടക്കുന്ന ''തറവാടി''യാണ്, എട്ടുകാലി.

എല്ലുമുറിയെ പണിയെടുക്കുന്ന നിങ്ങളാണ്, ധനികനായ ജന്മിക്കുവേണ്ടി നിലമുഴുതും വിതച്ച ധാന്യം കൊയ്തെടുക്കാതെയും നട്ടുവളർത്തിയ ഫലങ്ങരം രുചിച്ചുനോക്കാതെയും കഴിയുന്ന നിങ്ങളാണ്, ഈച്ച. തനിക്കു് സുഖലോലുപമായ അലസജീവിതം നയിക്കാൻവേണ്ടി പാവപ്പെട്ട കുടിയാന്മാരേയും അടിയാന്മാരേയും ദിവസവേലക്കാരേയും കൊണ്ടു് നിമിഷനേരത്തെ വിശ്രമമില്ലാതെ പണിയെടുപ്പിക്കുന്ന ഭൂപ്രഭുവാണ്, വർഷംതോറും പാട്ടം വർദ്ധിപ്പിക്കുകയും സത്യസന്ധമായ അദ്ധ്വാനത്തിൻെറ വിലയിടിക്കുകയും ചെയ്യുന്ന ഭൂപ്രഭുവാണ്, എട്ടുകാലി.

യുഗാന്തരങ്ങളായി അരംത്താരയുടെ പടവുകളിൽ വിറകൊണ്ടു നിൽക്കുകയും പുരോഹിതശാപത്തിനു മുമ്പിൽ തലകുനിക്കുകയും ചെയ്തുപോന്ന ശുദ്ധാത്മാക്കളും സാധുക്കളുമായ നമ്മളാണ്, പള്ളിയുടെ മേന്മയ്ക്കും രസത്തിനും വേണ്ടി പരസ്പരം പോരടിക്കുകയും അടിമപ്പെടുത്തുകയും ചെയ്ത നമ്മളാണ്, മുതുകും മുട്ടും വളച്ചു നിൽക്കുകയും മർദ്ദകരുടെ മതാനുശാസന

ങ്ങളുടെ സ്വാധീനത്താൽ ആത്മവീര്യം നശിച്ചുപോയതുകൊണ്ടു് അവരെ അവരുടെ അധർമ്മങ്ങളുടെ ഫലമാസ്വദിക്കാൻ അനുവദിക്കുകയും ചെയ്യു നമ്മളാണു്, ഈച്ചകാം. കാപട്യവും കാമാസക്തിയും മുററിനിൽക്കുന്ന കണ്ണുകളുമായി കറുത്ത മേലങ്കിയണിഞ്ഞു നിൽക്കുന്ന പാതിരിയാണു്, ഹീനമായ സിദ്ധാന്തങ്ങളാൽ തൻെറ കുഞ്ഞാടുകളുടെ നിർമ്മലമനസ്സുകളെ ചിന്താക്കുഴപ്പത്തിലാഴ്ത്തുന്ന പാതിരിയാണു്, ആത്മാക്കളെ വിഷലിപ്തമാക്കുന്നതും പോളണ്ടിനു സംഭവിച്ചതുപോലെ രാഷ്ട്രങ്ങളെ ഒന്നടങ്കം നശിപ്പിക്കുന്നതുമായ അനുസരണയും അടിമമനോഭാവവും വളർത്തുന്ന പാതിരിയാണു്, എട്ടുകാലി.

ഒററ വാക്കിൽ പറഞ്ഞാൽ, മർദ്ദിക്കപ്പെട്ടു്, അടിമപ്പെടുത്തപ്പെട്ടു്, ചൂഷണം ചെയ്യപ്പെട്ടു്, കഴിയുന്നവരാണു് ഈച്ചകാം. നികൃഷ്ടരായ ഊഹക്കച്ചവടക്കാരും പേരെന്തുതന്നെയായാലും നിയമദീക്ഷയില്ലാത്ത സ്വേച്ഛാധിപതികളുമാണു് എട്ടുകാലികാം.

ഒരു കാലത്തു് വലിയ കൊട്ടാരങ്ങളിലും പ്രഭുമന്ദിരങ്ങളിലും ഇരുന്നുകൊണ്ടാണു് എട്ടുകാലി വലകെട്ടിയതു്. ഇന്നാകട്ടെ, വലിയ വ്യാവസായികകേന്ദ്രങ്ങളിലും ഇക്കാലത്തെ അനുഗൃഹീതരുടെ സമ്പന്നഭവനങ്ങളിലും സ്ഥാനമുറപ്പിക്കാനാണു് അതിനിഷ്ടം. അതിനെ കൂടുതലും കാണാൻ കഴിയുന്നതു് ഫാക്ടറികളുള്ള നഗരങ്ങളിലാണെങ്കിലും നാട്ടിൻപുറങ്ങളിലും ചെറുചെറുപട്ടണങ്ങളിലും അതു വല കെട്ടാറുണ്ടു്. എവിടെവിടെ ചൂഷണം തഴച്ചുവളരുന്നുണ്ടോ, എവിടെവിടെ തൊഴിലാളിയും സ്വത്തില്ലാത്ത പ്രോലെറേററിയനും ചെറുകിട കൈവേലക്കാരനും ദിവസത്തൊഴിലാളിയും കടത്തിൽ മുങ്ങിയ ചെറുകിട കൃഷിക്കാരനും ഊഹക്കച്ചവടക്കാരുടെ ലഗാനില്ലാത്ത അത്യാർത്തിക്കു് വശംവദരാകുന്നുവോ, അവിടെല്ലാം അതിനെ കണ്ടെത്താൻ കഴിയും.

പട്ടണത്തിലോ നാട്ടിൻപുറത്തോ എവിടെയുമായിക്കൊള്ളട്ടെ, സാധുപ്രാണികാം അവയുടെ ശത്രുക്കളുടെ വലസ്സുകത്തു

കിടന്നു വ്യർത്ഥമായി പിടയുന്നതു കാണാം. അവ തളർന്നു്, ഉണങ്ങിവരണ്ടു്, ചത്തൊടുങ്ങുന്നു.

ദുർബ്ബലയും സൗമ്യശീലയുമായ ഈച്ചയും ക്രൂരനും രക്തദാഹിയുമായ എട്ടുകാലിയും തമ്മിലുള്ള ഈ പോരാട്ടത്തിൽ എത്രയെത്ര ഭയങ്കരദുരന്തങ്ങളാണു് നൂററാണ്ടുകളായി നടന്നിട്ടുള്ളതു്! ആ ബീഭത്സമായ കദനകഥ പിന്നെന്തിനു് ആവർത്തിക്കണം? കഴിഞ്ഞതു് കഴിഞ്ഞു. നമുക്കു് ഇന്നത്തേയും നാളത്തേയും പററി സംസാരിക്കാം.

എട്ടുകാലിയും ഈച്ചയും തമ്മിൽ ഇന്നു നടക്കുന്ന സമരത്തെ നമുക്കു് കുറച്ചുകൂടി അടുത്തു് പരിശോധിക്കാം. നിലവിലുള്ള സ്ഥിതിയെന്തെന്നു് നമുക്കു ശരിക്കു മനസ്സിലാക്കാം. ശത്രുക്കൾ നമുക്കുവേണ്ടി വീണ്ടും എന്തെന്തു കെണികളാണു് ഒരുക്കുന്നതെന്നു് ഈച്ചകളായ നമുക്കു സൂക്ഷ്മമായി പഠിക്കാം. നമുക്കവരുടെ സൂത്രങ്ങളെ തുറന്നുകാട്ടാം. സർവ്വോപരി നമുക്കു് ഒററക്കെട്ടായി നിൽക്കാം. നമ്മെ കുരുക്കിയിരിക്കുന്ന എട്ടുകാലിവലകളെ ഭേദിക്കാനുള്ള കരുത്തു് തനിച്ചു നിന്നാൽ നമുക്കുണ്ടാവില്ല. നമുക്കു് നമ്മെ വരിഞ്ഞുകെട്ടിയിരിക്കുന്ന ചങ്ങലകൾ പൊട്ടിച്ചെറിയാം, ശത്രുക്കളെ അവരുടെ രഹസ്യസങ്കേതങ്ങളിൽനിന്നു് ആട്ടിപ്പുറത്താക്കാം, യുക്തിയുടെ ഉജ്ജ്വലപ്രകാശധാര എല്ലായിടത്തും പരത്താം. അപ്പോൾ ആ നികൃഷ്ടജന്തുവിനു് ഇരുട്ടത്തിരുന്നുകൊണ്ടു് അതിൻെറ പാതകങ്ങൾ പ്രവർത്തിക്കാൻ കഴിയാതെവരും.

അല്ലയോ ഈച്ചകളേ, നിങ്ങൾ വേണമെന്നു വിചാരിച്ചാൽ, ശരിക്കും വേണമെന്നു വിചാരിച്ചാൽ, നിങ്ങൾക്കു് അജയ്യരാകാൻ കഴിയും! എട്ടുകാലികൾ ഇന്നും പ്രബലന്മാരാണെന്നതു ശരിതന്നെ. പക്ഷെ അവർ കുറച്ചുപേരേയുള്ളു. നിങ്ങൾ, ഈച്ചകൾ, യാതൊരുവിധ സ്വാധീനവുമില്ലാത്ത നിസ്സാരന്മാരാണെങ്കിലും അസംഖ്യം പേരുണ്ടു്. നിങ്ങളാണു് ജീവൻ. നിങ്ങളാണു ലോകം. പക്ഷെ, നിങ്ങൾ വേണമെന്നു വിചാരിക്കണമെന്നു മാത്രം. നിങ്ങൾ ഏകോപിച്ചാൽ മാത്രം മതി, നിങ്ങളുടെ ഒരൊററ ചിറകടികൊണ്ടു് എല്ലാ

ന്ദ്രലകളേയും ചീന്താൻ കഴിയും, നിങ്ങളെ ഇന്നു കരുക്കുകയും പിടഞ്ഞു പട്ടിണികിടന്നു ചാകാനിടയാക്കുകയും ചെയ്യുന്ന എല്ലാ എട്ടുകാലിവലകളേയും ത്തുത്തെറിയാൻ കഴിയും. ദാരിദ്ര്യത്തേയും അടിമത്തത്തേയും ആട്ടിയോടിക്കാൻ കഴിയും. നിങ്ങരം ശരിക്കും വേണമെന്നു വിചാരിച്ചാൽ മാത്രം മതി.

---

അതുകൊണ്ടു് വേണമെന്നു വിചാരിക്കാൻ പഠിക്കുക!

11591

വിതരണക്കാർ:

പ്രഭാത് ബുക്ക് ഹൗസ്

തിരുവനന്തപുരം

കോഴിക്കോട്    എറണാകുളം

ഏലൂർ    കണ്ണൂർ

ആലപ്പുഴ

PG Library & Research Center

ശാസ്ത്രീയസോഷ്യലിസഗ്രന്ഥമാല

# എട്ടുകാലിയും ഈച്ചയും

11591

PC Library & Research Center